"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി- അനധികൃത കരിങ്കല്ല് ഖനനത്തിന് പാലക്കാട് ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക ഗഡുക്കളായി ഒടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് ശ്രീ. ഷറഫുദ്ദീൻ, ക്രെസന്റ് സ്റ്റോൺ ക്രഷർ യൂണിറ്റ്, പ്രഭാപുരം മണ്ണേങ്കോട് പി.ഒ, പാലക്കാട് സമർപ്പിച്ച അപേക്ഷയിൽ അനുമതി നൽകി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1556/2025/ID   തീയതി,തിരുവനന്തപുരം, 31-12-2025

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ.
2. 03.01.2025-ലെ പാലക്കാട് ജില്ലാ ജിയോളജിസ്റ്റിന്റെ DOPAL-DMG/518/2024-M നമ്പർ ഡിമാന്റ് നോട്ടീസ്.
3. ശ്രീ. ഷറഫുദ്ദീൻ, ക്രെസന്റ് സ്റ്റോൺ ക്രഷർ യൂണിറ്റ്, പ്രഭാപുരം മണ്ണേങ്കോട് പി.ഒ, പാലക്കാട് സമർപ്പിച്ച അപേക്ഷ.
4. 26.11.2025-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/2568/2025-M2 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൽ കൊപ്പം വില്ലേജിൽ ബ്ലോക്ക് നമ്പർ 23 റീസർവ്വേ നമ്പർ 180/1 ൽ ഉൾപ്പെട്ട 1.15 ഹെക്ടർ സ്ഥലത്തു കരിങ്കൽ ഖനനം ചെയ്ത് നീക്കുന്നതിന് ശ്രീ. അബ്ദുൾ റഹ്മാൻ, മെ. ക്രസന്റ് സ്റ്റോൺ ക്രഷർ യൂണിറ്റ്, പ്രഭപുരം, മണ്ണേങ്കോട്. പി.ഒ, പാലക്കാട് എന്ന വ്യക്തിക്ക് 31/03/2023 മുതൽ 14/07/2024 വരെ ക്വാറിയിങ് ലീസ് അനുവദിച്ചിരുന്നു. ടി സ്ഥലത്തു നിന്നും അനധികൃതമായി ഖനനം ചെയ്ത 10,625 മെട്രിക് ടൺ കരിങ്കല്ലിന് കരിങ്കല്ലിന് റോയൽറ്റി, വില, കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ 28,50,000/- രൂപ ഒടുക്കുന്നതിന് പാലക്കാട് ജില്ലാ ജിയോളജിസ്റ്റ് പരാമർശം(2) ഡിമാന്റ് നോട്ടീസ് നൽകിയിരുന്നു. സാമ്പത്തിക പ്രയാസം ഉള്ളതിനാൽ ടി തുക ആറ് ഗഡുക്കളായി ഒടുക്കുന്നതിനും, ആദ്യത്തെ ഗഡു ഒടക്കുമ്പോൾ പ്രവർത്തനം നടത്തുന്നതിനുള്ള അനുമതി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ഷറഫുദ്ദീൻ, ക്രെസന്റ് സ്റ്റോൺ ക്രഷർ യൂണിറ്റ്, പ്രഭാപുരം മണ്ണേങ്കോട് പി.ഒ, പാലക്കാട് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പാലക്കാട് ജില്ലാ ജിയോളജിസ്റ്റ് നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ആറ് തുല്യ ഗഡുക്കളായി ഒടുക്കുന്നതിന് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 115 പ്രകാരം അനുമതി നൽകുന്നതിലേക്കായി പരിഗണിക്കാവുന്നതാണ് മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം(4) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2).സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഷറഫുദ്ദീൻ, ക്രെസന്റ് സ്റ്റോൺ ക്രഷർ യൂണിറ്റ്, പ്രഭാപുരം മണ്ണേങ്കോട് പി.ഒ, പാലക്കാട് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് പാലക്കാട് ജില്ല, പട്ടാമ്പി താലൂക്ക്, കൊപ്പം വില്ലേജിൽ ബ്ലോക്ക് നം. 23, റീ.സർവ്വേ നം. 180/1-ൽപ്പെട്ട 1.15 ഹെക്ടർ സ്ഥലത്ത് നിന്നും അനധികൃതമായി ഖനനം ചെയ്ത 10,625 മെട്രിക് ടൺ കരിങ്കല്ലിന് കരിങ്കല്ലിന് റോയൽറ്റി, വില,

കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ പാലക്കാട് ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത 28,50,000/- രൂപ (ഇരുപത്തിഎട്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ, ചട്ടം 115 പ്രകാരം ആറ് തുല്യ മാസ ഗഡുക്കളായി ഒടുക്കുന്നതിന്, മാസഗഡു അടയ്ക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച വരുത്തിയാൽ പിന്നീട് ഗഡുക്കളായി അടയ്ക്കുന്നതിന് അവസരം നഷ്ടപ്പെട്ടുമെന്ന വ്യവസ്ഥയിൽ അപേക്ഷകന് അനുമതി നൽകിയും, ആദ്യ ഗഡു ഒടുക്കുന്ന മുറയ്ക്ക് നിയമാനുസൃതമായി യോഗ്യമെങ്കിൽ പ്രവർത്തനം നടത്തുന്നതിനുള്ള അനുമതി നൽകുന്നതിന് പാലക്കാട് ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, പാലക്കാട്
ശ്രീ. ഷറഫുദ്ദീൻ, ക്രെസന്റ് സ്റ്റോൺ ക്രഷർ യൂണിറ്റ്, പ്രഭാപുരം മണ്ണേങ്കോട് പി.ഒ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 01-01-2026 12:48:59